"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി 54/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം 1894 സെക്ഷൻ 28എ പ്രകാരം ശ്രീമതി ജയശ്രീ സമർപ്പിച്ച അപേക്ഷ - അവാർഡ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1804/2025/LSGD** **തീയതി, തിരുവനന്തപുരം, 22-07-2025**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/03/2025 തീയതിയിലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.
2. സ.ഉ. (സാധാ) നം. 1182/2025/തസ്വഭവ, തീയതി, 14/05/2025.
3. സ.ഉ. (സാധാ) നം. 5509/2025/ധന, തീയതി, 29/06/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി 54/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി സി. ജയശ്രീ പൊന്നുംവില നിയമം 1894 സെക്ഷൻ 28(എ) പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 11,00,558/- രൂപ (പതിനൊന്ന് ലക്ഷത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 11,00,558/- രൂപ (പതിനൊന്ന് ലക്ഷത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം), ടി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കുന്നതിന് ശ്രീമതി ജയശ്രീക്ക് സാധിക്കാതിരുന്നതിനാൽ 1894-ലെ പൊന്നുംവില നിയമം സെക്ഷൻ 31(2) പ്രകാരം അവാർഡ് തുക ബഹു. തിരു. സബ് കോടതിയിൽ കെട്ടിവയ്ക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 11,01,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും

അടിസ്ഥാനത്തിൽ ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി 54/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി സി. ജയശ്രീ പൊന്നുംവില നിയമം 1894 സെക്ഷൻ 28(എ) പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 11,00,558/- രൂപ (പതിനൊന്ന് ലക്ഷത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) ടി ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതുവരെ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി സി. ജയശ്രീ, റ്റി.സി. 36/1723(5), സുഭാഷ് നഗർ, വള്ളക്കടവ് പി.ഒ. തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/162/2025/FIN. dated 06.07.2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/117/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 23-07-2025 10:43:14
സെക്ഷൻ ഓഫീസർ